بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**16 October 2020/28 Safar 1442 AH**

## *Duahs (Invocations)* (Pt. 15) ദുആകൾ (ഭാഗം-15)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ദുആകൾ എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പതിനഞ്ചാമത്തെ പ്രസംഗം ആരംഭിക്കുകയുണ്ടായി. അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ ദുആകൾ എന്ന വിഷയത്തിലെ എന്റെ പ്രഭാഷണം തുടരുവാനുള്ള അവസരം തുടർന്നും ലഭിച്ചുകൊണ്ടിരിക്കുകയാണ്. ദിവ്യദൃഷ്ടാന്തവും, വെളിപാടുകളും ലഭിച്ചുതുടങ്ങിയ കാലഘട്ടത്തിൽ എനിയ്ക്ക് ലഭ്യമായ ആ ദുആകളുടെ വെളിപ്പെട്ട സമയമോ, തീയതിയോ, അവ ലഭിയ്ക്കാനിടയായ സാഹചര്യമോ വിശദമാക്കുക ഇപ്പോൾ സാധ്യമല്ലാതായിരിക്കുന്നു. അങ്ങനെയാകുകിൽ ഈ പ്രഭാഷണം ഏറെ നീണ്ടുപോവുകയും, ഈ വിഷയം തന്നെ മാസങ്ങളോളം തുടരുകയും ചെയ്യേണ്ടതായി വരികയും ചെയ്യും. ആയതിനാൽ, അവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ചില ദുആകൾ മാത്രമാണ് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നത്.

ഈ ദുആകൾ എല്ലാം തന്നെ അല്ലാഹു എനിയ്ക്ക് വെളിപ്പെടുത്തി തന്നിട്ടുള്ളതാണ്. പക്ഷേ, അവയെല്ലാം എനിക്ക് നിങ്ങളുടെ മുന്നിൽ വയ്ക്കുവാൻ സാധിക്കുന്നില്ല. കാരണം അല്ലാഹു(ത) അവന്റെ കാരുണ്യത്താൽ എനിയ്ക്ക് ഈ ദുആകളും ഇതുപോലെ മറ്റുള്ള ദുആകളും വെളിപ്പെടുത്തിത്തന്നുകൊണ്ടേയിരിക്കുന്നു. അല്ലാഹു (ത) കുറച്ചുകാലത്തേക്ക് ദുആകൾ വെളിപ്പെടുത്തിത്തരികയും, പിന്നീട് അത് നിർത്തിവെക്കുകയും ചെയ്യുന്ന ഒരു ദൈവമല്ല. അവൻ തനിക്കായി ഒരു ദാസനെ തെരെഞ്ഞെടുത്തു കഴിഞ്ഞാൽ പിന്നെ തുടർച്ചയായി തന്റെ ദൂതന് അവനിൽ നിന്നുള്ള സന്ദേശങ്ങൾ നല്കിക്കൊണ്ടിരിക്കും. ഇത് താൻ തന്റെ ദൂതന്റെ ഒപ്പം സദാജാഗരൂകനായി ഉണ്ട് എന്ന് ബോധ്യപ്പെടുത്തുന്നതിനും, താൻ നിയോഗിച്ചയച്ച തന്റെ ശ്രേഷ്ഠദാസനെ ഒരിയ്ക്കലും കൈവിട്ടുകളയില്ല എന്ന് ഉറപ്പു നല്കുന്നതിനും വേണ്ടിയാണ്. അവൻ തന്റെ ദാസന് തന്നിൽ നിന്നുള്ള ദുആകളും, സന്ദേശങ്ങളും, അടയാളങ്ങളും നല്കിക്കൊണ്ടിരിക്കുന്നത് തുടരുന്നു. നവജാതശിശുവിനാൽ അനുഗ്രഹീതരായ മാതാപിതാക്കളെക്കാൾ ശ്രദ്ധയോടെ അല്ലാഹു(ത) തന്റെ ദാസന്റെ കാര്യങ്ങൾ ശ്രദ്ധിച്ച്, പരിപാലിയ്ക്കുന്നു. ഇത് താൻ നിയോഗിച്ചയയ്ക്കുന്ന ദാസന്റെ കാര്യത്തിൽ പറയുകയും വേണ്ട. അതുവഴി ആ ദൂതന് അല്ലാഹുവിന്റെ മറ്റു സൃഷ്ടിജാലങ്ങളെയോ, അവരുടെ തന്ത്രങ്ങളെയോ ഭയപ്പെടേണ്ടി വരുന്നില്ല. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അവരുടെ കുതന്ത്രങ്ങളും, വാക്കുകളും, പ്രവൃത്തികളും ഒന്നും തന്നെ ബാധിയ്ക്കുന്നതേയല്ല. അവർ അദ്ദേഹത്തെ പരിഹസിക്കുകയും, കള്ളനെന്നും, ഭ്രാന്തനെന്നും, മയക്കുമരുന്ന് ഉപയോഗിക്കുന്നവനെന്നും ഒക്കെ വിളിച്ചാക്ഷേപിക്കുന്നു. അങ്ങനെ അവർ അല്ലാഹുവിന്റെ ദൂതനെ പല തരത്തിലും

പല തലത്തിലും അപമാനപ്പെടുത്തുകയും, തേജോവധം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. പക്ഷേ, അല്ലാഹു സർവ്വവ്യാപിയാണ്. അവന്റെ മലക്കുകൾ ഈ വിഡ്ഢികൾ പറയുന്നതും, ചെയ്യുന്നതുമെല്ലാം തന്നെ രേഖപ്പെടുത്തിവെയ്ക്കുന്നുണ്ട്. അവരെ ഓരോരുത്തരേയും കണക്കുബോധ്യപ്പെടുത്തുന്നതിനായി ഇവിടെയും പരലോകത്തും പിടിച്ചു നിർത്തുകതന്നെ ചെയ്യും. പാരത്രിക ഭവനത്തിലെ ശിക്ഷ അതിഭയാനകവും, അത്യധികം വേദനാജനകവുമത്രേ.

അല്ലാഹുവിന്റെ ഒരു ദൂതനെ സംബന്ധിച്ചിടത്തോളം അക്രമകാരികളായ ഇവർ അദ്ദേഹത്തിനോട് ചെയ്യുന്ന അതിക്രമങ്ങൾ ഒന്നും തന്നെ ഭയമുളവാക്കുന്ന ഒന്നല്ല. കാരണം, അദ്ദേഹത്തിന്റെ ജീവനും, ജീവനോപാധികളും, അന്തസ്സും, സ്വത്തും, മാന്യതയും എന്തിനേറെ അദ്ദേഹത്തിന്റെ ദൗത്യവും ഒന്നും തന്നെ അവരുടെ കൈകളിലല്ല. മറിച്ച്, അവരെത്രത്തോളം, അല്ലാഹുവിന്റെ ദൂതനെ ഇകഴ്ത്തുവാൻ ശ്രമിയ്ക്കുന്നുവോ അതിനനുസരിച്ച് അല്ലാഹു അദ്ദേഹത്തെ ആത്മീയമായി ഉയർത്തുന്നതാണ്. അത് നാം ഒരു പന്ത് അടിച്ചുവിടമ്പോൾ, ഭൂമിയിൽ തട്ടി കുതിച്ചുയർന്ന് പൊങ്ങുന്നപോലെയത്രെ. ഇത്തരത്തിലുള്ള പരീക്ഷണങ്ങളും, പീഡനപർവ്വങ്ങളും ബഹിഷ്കരണങ്ങളും അല്ലാഹുവിന്റെ ദൂതന്റെ സത്യതയെ സാക്ഷ്യപ്പെടുത്തുകയാണ് ചെയ്യുക. അങ്ങനെയിരിക്കെ, ഈ പ്രപഞ്ചത്തിന്റെ നാഥൻ ഒരു ദൂതനെ നീയോഗിച്ചിട്ടുണ്ട് എങ്കിൽ, ഈ അക്രമികൾ ചെയ്യുന്നതോർത്ത് നാം ഖിന്നരാകുന്നത് എന്തിന്? അവരുടെ ഈ ലോകത്തെ ജീവിതം താത്ക്കാലികം മാത്രമാണെന്നും, അല്ലാഹുവിന്റെ കോടതിയിൽ അവർ ഹാജരാക്കപ്പെടുന്നതാണെന്നും നിങ്ങൾക്ക് ഉത്തമബോധ്യമുള്ളത് അല്ലെ? അവർ ഈ ഭൂമിയിൽ ചെയ്യുന്ന എല്ലാ ഓരോ കാര്യത്തിനും അല്ലാഹുവിന്റെ മുന്നിൽ കണക്കുബോധിപ്പിക്കപ്പെടേണ്ടവർ തന്നെയാണ്.

അല്ലാഹുവിന്റെ ദൂതനും, ഖലീഫത്തുല്ലാഹ്യുമായ എനിക്ക് അവരുടെ ഈ പരീക്ഷണങ്ങളും, പീഡനങ്ങളും, ബഹിഷ്ക്കരണങ്ങളുമെല്ലാം തന്നെ വെറും ചുള്ളിക്കമ്പുകൾ, (പുൽക്കൊടികൾ) മാത്രമാണ്. ഞാൻ അല്ലാഹുവിന്റെ സാന്നിധ്യം അനുഭവിച്ചറിയുമ്പോൾ, ആകമാനം സുഗന്ധപൂരിതമായ ഒരനുഭൂതിയിൽ ആണ്ടുപോകുന്നു. വെളിപാടുകളുടെ തുടക്കം മുതൽ ഞാൻ മാത്രമല്ല, നമ്മുടെ ജമാഅത്തിലെ എന്റെ ശിഷ്യഗണങ്ങളിൽ സ്ത്രീകളും, കുട്ടികളും അടക്കമുള്ള പലരും ഈ അസാധാരണമായ സുഗന്ധാനുഭൂതി അനുഭവിച്ച് അറിഞ്ഞിട്ടുണ്ട്. ഈയടുത്തിടെ, ഇന്ത്യയിൽ തമിഴ്നാട്ടിൽ നിന്നുള്ള എന്റെ ശിഷ്യർ ഈ സുഗന്ധം അനുഭവിച്ചതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ദൂതനോട് അവർക്കുള്ള ആത്മാർത്ഥതയ്ക്കും, വിശ്വസ്തതയ്ക്കും അല്ലാഹു നല്കിയ സുവാർത്തയാണത്. അൽഹംദിലില്ലാഹ് സുമ്മ അൽഹുംദുലില്ലാഹ്

അത്യുന്നതങ്ങളിൽ നിന്ന് ഈ അദൗമമായ സുഗന്ധം അനുഭവവേദ്യമാക്കുമ്പോൾ അല്ലാഹു(ത) എന്നെ, എനിക്കു ചുറ്റുമുള്ള മാലിന്യങ്ങളിൽ നിന്നും സംരക്ഷണവലയം തീർക്കുന്നു. അക്രമികളുടെ കുതന്ത്രങ്ങളെപ്പറ്റി പറയുവാനാണെങ്കിൽ ഏറെയുണ്ട്. അത് വൃത്തിഹീനമായ ശൗചാലയങ്ങളെപ്പോലെ ദുർഗ്ഗന്ധം വമിപ്പിച്ചുകൊണ്ടേയിരിക്കും.അവരോട് കാര്യങ്ങൾ വിശദമാക്കുവാൻ ഞാൻ തുനിഞ്ഞിറങ്ങുമ്പോൾ, ഞാൻ പറയുന്നത് ഗ്രഹിക്കുവാൻ പ്രയാസമുള്ളതായി അവർക്ക് അനുഭവപ്പെടും. നമുക്ക് അവരോട് മോശം കാര്യങ്ങളെ വിട്ട്, ആത്മീയമായ കുളത്തിൽ കുളിച്ച് നമ്മുടെ ആത്മാക്കളെയും, ശരീരങ്ങളെയും സുഗന്ധപൂരിതമാക്കാം. ഇൻശാ

അല്ലാഹ്!

ഇതോടനുബന്ധിച്ച്, കോയമ്പത്തൂരിൽ നിന്നുള്ള എന്റെ ശിഷ്യനായ അബ്ദുർറഹ്മാൻ കുറച്ചു ദിവസങ്ങൾക്കു മുമ്പുകണ്ട ഒരു സ്വപ്നത്തെപ്പറ്റി നിങ്ങളെ അറിയിയ്ക്കുവാൻ ആഗ്രഹിക്കുകയാണ്.

അദ്ദേഹം ഒരു അഹ്മദിയെ തബ്ലീഗു ചെയ്യുന്നതായും, അതിനിടയിൽ 15–ാം നൂറ്റാണ്ടിലെ പരിഷ്കർത്താവ് ആഗതനായിരിക്കുന്നതായും സ്വപ്നം കണ്ടു. അപ്പോൾ ഈ വാർത്ത കേട്ട ആ അഹ്മദി അത്ഭുതത്തോടെ അങ്ങനെ ഇത്ര പെട്ടെന്ന് ഒരാൾ ആഗതനാകുമോ? എന്നു ചോദിച്ചു. തുടർന്ന് അബ്ദുർ റഹ്മാൻ സാഹിബ് വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ്(അ) മടങ്ങിവന്നതായും ജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട്, വരിക, നമുക്കേവർക്കും കൂടി വീണ്ടും ബൈഅത്ത് ചെയ്യാം എന്നു പറയുന്നതായും കണ്ടു. പക്ഷേ, അഹ്മദികളിൽ ഭൂരി ഭാഗവും അദ്ദേഹത്തെ വിട്ട് എതിർചേരിയിലേക്ക് പോയി. വളരെക്കുറഞ്ഞ എണ്ണം അഹ്മദികൾ മാത്രമേ വീണ്ടും ബൈഅത്ത് സ്വീകരിയ്ക്കുവാൻ തയ്യാറായുള്ളൂ.

നാം മനസ്സിലാക്കേണ്ട ഒരു വസ്തുത അല്ലാഹു(ത) എല്ലാവർക്കും ഈ ആത്മീയ സുഗന്ധം അനുഭവിച്ചറിയുവാനും, അവന്റെ അനുഗ്രഹങ്ങളായി സമ്പത്തും, പ്രതാപവും ഉൾക്കൊള്ളാനും ഉള്ള അവസരങ്ങൾ വാരിക്കോരി നല്കുന്നില്ല എന്നതാണ്. ഈ സൗഭാഗ്യങ്ങൾ ആസ്വദിയ്ക്കുവാനുള്ള ഭാഗ്യം മുത്തഖീങ്ങൾക്കു മാത്രമാണ്. അവർ അവരുടെ സ്രഷ്ടാവായ അല്ലാഹുവിനെ ഭയപ്പെടുകയും വിനയപുരസ്സരം അനുസരിക്കുകയും, യാതൊരു വിധ അസ്വാരസ്യങ്ങളോ, മടുപ്പോ വെറുപ്പോ കൂടാതെ അവന്റെ ദൂതനെ തിരിച്ചറിയുകയും ചെയ്യുന്നു. അവർ അദ്ദേഹത്തിന്റെ ആത്മാർത്ഥ അനുയായികളായി വർത്തിക്കുകയും ചെയ്യുന്നു. ഈ സ്വപ്നം വ്യക്തമായും സൂചിപ്പിക്കുന്നത് മസീഹ് തിരികെ വന്നു എന്നും ഞാൻ അദ്ദേഹത്തിന്റെ രണ്ടാം വരവ് ആണെന്നും തന്നെയാണ്. പക്ഷേ, ആ സത്യം വളരെക്കുറച്ചു പേർ പ്രത്യേകിച്ച് അഹ്മദികളിൽ നിന്നുള്ളവർ മാത്രമേ അംഗീകരിക്കുകയുള്ളൂ. വാഗ്ദത്ത മസീഹിൽ വിശ്വസിക്കുന്നു എന്ന് പറയുന്ന അഹ്മദികളെ അല്ലാഹു പരീക്ഷിക്കുന്നത് ഇപ്രകാരമായിരിക്കും. അല്ലാഹു(ത) അവരിലേക്ക് അവന്റെ ദൂതനെ–മസീഹിനെ–അവരിൽ നിന്നു തന്നെയുള്ള ഒരാളെ നിയോഗിക്കുന്നു. അപ്പോൾ അവർ ആ ദൂതനെ നിരാകരിച്ച് പുറംതിരിഞ്ഞുപോകും. സത്യത്തിൽ അവർ എനിക്ക് എതിരിൽ അല്ല പുറംതിരിഞ്ഞിരിക്കുന്നത്, മറിച്ച് അല്ലാഹുവിനെതിരിലാണ് അവർ പുറംതിരിഞ്ഞിരിക്കുന്നത്. കാരണം എന്നെ ഇങ്ങോട്ടേക്ക് അയച്ചത് അല്ലാഹു ആണ്.അതിനാൽ തന്നെ അവനിലേക്ക് മടങ്ങിച്ചെല്ലുന്ന വേളയിൽ അവർക്ക് ഇതിന് ഉത്തരം പറയേണ്ടി വരിക തന്നെ ചെയ്യും.

ഇനി ഞാൻ, അല്ലാഹു എനിക്ക് വെളിപ്പെടുത്തിത്തന്ന ദുആകൾ പറഞ്ഞുതരികയാണ്.

**Rabbi farriq bainas sadiqeen wal kazabeen, anta tara kulla musliheen was sadiqeen.**

“എന്റെ നാഥാ! സത്യവും, അസത്യവും തമ്മിലെ അന്തരം വെളിപ്പെടുത്തിത്തരേണമേ! സദ്വൃത്തരും സത്യവാന്മാരുമായ ആളുകളെ ഏറ്റവും നന്നായി അറിയുന്നവൻ നീയാകുന്നു.”

**Rabbijalni Ghaliban ala Ghayri. Wajalni Ghalebatan fid-dunya wad-Deen. Wajalni nafi’an fil hazihi tijaara.**

“എന്റെ നാഥാ! എന്റെ ശത്രുക്കൾക്കെതിരിൽ (എതിർക്കുന്നവർക്കെതിരിൽ) എനിക്ക് വിജയം നല്കേണമേ. ഭൗതീകമായ കാര്യങ്ങളിലും, മതപരമായ കാര്യ ങ്ങളിലും എനിക്ക് വിജയം നല്കേണമേ. എനിക്ക് കാര്യങ്ങളെ എളുപ്പമാക്കിത്ത രുകയും, അനുകൂലമാക്കിത്തരികയും ചെയ്യേണമേ”

**Rabbi sallitni alan naar. Rabbi akhrijni minan naar. Allahu khayrun hafizu, wa huwa Arhamur-Raahimeen.**

“എന്റെ നാഥാ! നരകാഗ്നിയിൽ നിന്നും എന്നെ രക്ഷിക്കേണമേ. എന്റെ നാഥാ! എന്നെ നീ നരകാഗ്നിയിൽ നിന്ന് അകറ്റേണമേ അല്ലാഹുവേ, നീ ഏറ്റവും നല്ല സംരക്ഷകനും, കരുണകാട്ടുന്നവരിൽ ഏറ്റവും കരുണാമയൻ ആയവനും അല്ലോ!”

**Rabbi tawaffani muslimaww-wa alhiqni bis-saliheen.**

“എന്റെ നാഥാ! എന്നെ നീ മുസ്ലീമായി മരിപ്പിക്കുകയും, സദ്വൃത്തരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ!”

**Allahumma inni maghlubun fantassir wa sahiqhum tas'hiqa.**

“ഓ അല്ലാഹ്! എന്നെ പരാജയപ്പെടുത്തിയിരിക്കുന്നു. എന്നെ രക്ഷിക്കുകയും അവരെ പരാജയപ്പെടുത്തുകയും ചെയ്യേണമേ! (ദുആയിൽ ശത്രുക്കളുടെ പേര് എടുത്ത് പറയുക)

**Allahumma Rafiqi 'Ala.**

“അല്ലാഹുവേ! നീ മഹത്തായ (ശ്രേഷ്ഠനായ) കൂട്ടുകാരനാകുന്നു.

**Allahumma Yaa Shaafiyal Amraade. Bismillahil Kaafi. Bismillahis Shaafi. Bismillahir Barr'ul Kareem, Ishfini.**

“ഓ അല്ലാഹ്! എല്ലാ രോഗങ്ങളെയും ശമിപ്പിക്കുന്നവൻ ആയുള്ളവനേ! എല്ലാ റ്റിനും മതിയായവനായ അല്ലാഹുവിന്റെ നാമത്തിൽ രോഗങ്ങളെ ഭേദപ്പെടുത്തു ന്നവൻ ആയ അല്ലാഹുവിന്റെ നാമത്തിൽ; പരിശുദ്ധനും, പവിത്രനും ആയ അല്ലാ ഹുവിന്റെ നാമത്തിൽ. ഓ, അല്ലാഹ്! എന്റെ രോഗത്തെ ശമിപ്പിച്ചാലും.

**Rabbi arini Kai'fa tuhyil mawta.**

“അല്ലാഹുവേ! എന്റെ നാഥാ! മരിച്ചവരെ ജീവിപ്പിക്കുന്നത് (പുനരുദ്ധരിപ്പി ക്കുന്നത്) എനിക്ക് കാട്ടിത്തരേണമേ

**Subhanaka wa bi-hamdika, astaghfiruka wa atubu alayka.**

നിനക്ക് ആകുന്നു സർവ്വസ്തുതിയും, നിന്നെ സ്തുതിച്ചുകൊണ്ട് ഞാൻ നിന്നിലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നു. ഞാൻ നിന്നിലേക്ക് തിരിയുന്നു. എനിക്ക് പൊറുത്തു തരേണമേ.

**Rabbi adkhilni mudkhala sidqin**

“എന്റെ നാഥാ! അല്ലാഹ്! സത്യപാതയിലൂടെ എന്റെ പ്രവേശനം സാധ്യമാ ക്കേണമേ.” (സത്യവാന്മാരുടെ കൂട്ടത്തിൽ എനിക്ക് സ്ഥാനം നല്കേണമേ)

**Rabbi la tazar alal arzi minal kaafireena dayyara.**

“ഓ! എന്റെ നാഥാ! ഒരു അവിശ്വാസിയേയും ഭൂമിയിൽ അവശേഷിപ്പിക്ക രുതേ.”

**Rabbana amanna faktubna ma'ash-Shahideen**

ഞങ്ങളുടെ നാഥാ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളെ വിശ്വാസികളുടെ ഗണത്തിൽ ഉൾപ്പെടുത്തേണമേ!

**Rabbighfir war'ham minas samaa-i.**

ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് പൊറുത്തുതരികയും, നിന്റെ പക്കൽ നിന്നുള ള സഹായം ഞങ്ങൾ ലഭ്യമാക്കിത്തരികയും ചെയ്യേണമേ!

**Rabbana jinnaka mazluumeen, fafruq bainana wa baina qawmiz zaalimeen**

ഞങ്ങളുടെ നാഥാ! ഞങ്ങൾ അക്രമിക്കപ്പെട്ടവരായി വന്നിരിക്കുന്നു. ഞങ്ങളെ യും, അക്രമികളായ ആളുകളേയും വേർതിരിക്കേണമേ.

**Rabbana faghfirlana zunubana, inna kunna khati'eene. Rabbana laa taj'alna dawmatal-lil Qawmil jahileen. Wajal afidatam minan naasi tahwi ilayna.**

ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പാപങ്ങൾ, ഞങ്ങൾക്ക് പൊറുത്തുതരേണമേ, തീർച്ചയായും ഞങ്ങൾ തെറ്റുകാരിൽപെട്ടിരിക്കുന്നു. ഞങ്ങളുടെ നാഥാ! അജ്ഞ രായ ആളുകളിൽ നിന്നും ഞങ്ങൾക്ക് സംരക്ഷണം നല്കേണമേ. അവരെ തരണം ചെയ്യാൻ ഞങ്ങൾക്ക് പ്രാപ്തി നല്കേണമേ. ആളുകളുടെ ഹൃദയങ്ങളെ ഞങ്ങളി ലേക്ക് ചായ്ച്ചുതരേണമേ!

**Rabbi habli zurriyatan tayyibatan.**

എന്റെ നാഥാ, എനിക്ക് പരിശുദ്ധരായ സന്താനങ്ങള നല്കിയാലും.

**Rabbi habli milladunka zurriyatan tayyibah. Innaka Sami'ud-Dua.**

എന്റെ നാഥാ, നിന്നിൽ നിന്നുള്ള അനുഗ്രഹമായി–ഉപഹാരമായി എനിക്ക് നല്ല സന്താനങ്ങളെ നല്കേണമേ. തീർച്ചയായും നീ പ്രാർത്ഥനകൾ കേൾക്കുന്നവൻ ആണല്ലോ.

**Rabbi arini ayatam minas samaa-'i. Areni zalzalatas saa'aa.**

എന്റെ നാഥാ, നിന്റെ പക്കൽ നിന്നുള്ള ഒരു ദൃഷ്ടാന്തം എനിക്ക് നല്കേണ മേ. നീ വാഗ്ദാനം ചെയ്ത ആ മഹത്തായ അടയാളം എനിക്ക് കാട്ടിത്തരേണമേ

**Rabbi hablii hukmaww-wa alhiqnii bis Saalihiin; Waj'al lii lisaana sidqin fil Aakhiriin.**

എന്റെ നാഥാ, എനിക്ക് വിവേകജ്ഞാനം നല്കുകയും നിന്റെ ദൃഷ്ടിയിൽ സദ്വൃത്തർ ആയവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ, എന്റെ മര ണാനന്തരം, ജനങ്ങളുടെ ഹൃദയങ്ങളിൽ എന്നെപ്പറ്റി നല്ല ചിന്തകൾ ഉണ്ടാക്കേണ മേ.

**Subhanakallahumma Rabbana wa bi-hamdika, Allahummaghfir li.**

ഓ, അല്ലാഹ്, സർവ്വസ്തുതിയും നിനക്കു മാത്രമാകുന്നു. സർവ്വസ്തുതിയ്ക്കും അർഹൻ നീ മാത്രമാകുന്നു. അല്ലാഹുവേ! എനിക്ക് പൊറുത്തുതന്നാലും

**Alhamdu-Lillahi wa salaamun 'ala ibaadi-hillazi nas-tafaa.**

അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. അവന്റെ തെരെഞ്ഞെടുക്കപ്പെട്ട ദാസ രുടെ മേൽ അവനിൽ നിന്നുള്ള സമാധാനം ഉണ്ടാകുമാറാകട്ടെ. ആമീൻ! സുമ്മ ആമീൻ! യാ റബ്ബിൽ ആലമീൻ.

ഇൻശാഹ് അല്ലാഹ്, അടുത്ത ആഴ്ച ഇതേ വിഷയത്തിൽ ഞാൻ എന്റെ പ്രഭാ ഷണം തുടരുന്നതാണ്.

*Translated & Issued by : Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India, E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*